

കേൾക്കേണ്ട ശബ്ദം:

വീടും സ്ഥലവും നഷ്ടമായവരെ പുനരധിവസിപ്പിക്കാനുള്ള ഭൂമിയുടെ വില മാത്രം ഏതാണ്ട് നാനൂറ് കോടി വേണ്ടിവരും.

- **പിണറായി വിജയൻ**
(മുഖ്യമന്ത്രി)

മക്തബ്

1194 കന്നി 19 1439 മുഹറം 25

പ്രളയനിധി കൊത്തിപറക്കാൻ കോർപ്പറേറ്റ് കഴുകൻമാരെ വിടരുത്

അങ്ങനെ അത് സംഭവിച്ചു. പ്രളയത്തെ തുടർന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നവകേരള നിർമ്മിതിയുടെ കൺസൾട്ടന്റായി നിയമിച്ച കെ.പി. എം.ജി.യെ തന്നെ പുതിയ കേരള സൃഷ്ടിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നു. അതിൽ പാർട്ണർമാർ ആരൊക്കെയാകണമെന്ന് നിശ്ചയിക്കാനുള്ള അധികാരവും കെ.പി.എം.ജിക്ക് തന്നെ നൽകിയിരിക്കുന്നു. എന്നാൽ സംസ്ഥാന ഭരണം കൂടി അവരെ ഏൽപ്പിക്കുന്നതല്ലേ നല്ലത്! പിന്നെ എന്തിനാണ് ആസൂത്രണ കമ്മീഷൻ.

കേരളത്തെ പുതുക്കി പണിയുന്നത് സംബന്ധിച്ച് സൗജന്യ കൺസൾട്ടൻസിയായി കെ.പി.എം.ജി കടന്നു വരുമ്പോൾ തന്നെ ഉയർന്ന ആശങ്ക ശരിയായിരിക്കുന്നു. അഴിമതിയുടെ പേരിൽ ലോകത്തെ ഒട്ടേറെ രാജ്യങ്ങൾ കരിമ്പട്ടികയിൽപ്പെടുത്തിയ കെ.പി.എം.ജിയുടെ ചരിത്രം നികുതി വെട്ടിപ്പുകൾക്കും വൻകിട കരാറുകൾ ലഭ്യമാക്കാനും വേണ്ടി നടത്തിയ ചതികളുടെയും അഴിമതിയുടേതുമാണ്. ഫാസിസവൽക്കരണം നടപ്പിലാക്കുന്ന, സാമ്രാജ്യത്ത സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുന്ന മോദി സർക്കാരിന് ഏറ്റവും പ്രിയപ്പെട്ട സ്ഥാപനങ്ങളിലൊന്നാണ് കെ.പി.എം.ജി. അവരുടെ സ്മാർട്ട് സിറ്റി, സ്വച്ഛ്ഭാരത്, മേക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ തുടങ്ങിയ പദ്ധതികളുടെ ഒക്കെ കൺസൾട്ടൻസിയാണ് കെ.പി.എം.ജി. അങ്ങനെയൊരു സ്ഥാപനം കേരളത്തിലെ ഇടതുപക്ഷ സർക്കാരിനും പ്രിയങ്കരമാകുമ്പോൾ ഭരണവർഗ രാഷ്ട്രീയത്തിന്റെ കാര്യത്തിൽ കക്ഷികൾ തമ്മിൽ വ്യത്യാസമില്ലെന്ന യാഥാർത്ഥ്യമാണ് പുറത്തുവരുന്നത്.

25,000 കോടി രൂപയാണ് കേരളത്തിന്റെ പുനർനിർമ്മിതിക്ക് വേണ്ടതെന്നാണ് ലോകബാങ്ക് കണക്കാക്കിയിട്ടുള്ളത്. അതായത് ഈ പണത്തിലെ വലിയൊരു ഭാഗം കോർപ്പറേറ്റ് കമ്പനികളുടെ കൊക്കിലൊതുങ്ങും. കാരണം കെ.പി.എം.ജി. വൻകിട കോർപ്പറേറ്റുകളുമായി സഹകരിച്ചുകൊണ്ടായിരിക്കും കേരളത്തിന്റെ 'പുനർനിർമ്മാണം' സാധ്യമാക്കുക. ഭിക്ഷക്കാർ വരെ നൽകിയ ദുരിതാശ്വാസനിധി കോർപ്പറേറ്റുകളുടെ കൊള്ളലാഭമായി മാറാൻ പോകുന്നു.

സംസ്ഥാനം കണക്കെണിയിൽ അകപ്പെടുന്നുവെന്നത് മാത്രമല്ല ഇതിലെ പ്രശ്നം. ലോക മുതലാളിത്ത രാഷ്ട്രീയം ലോകത്തെ മുഴുവൻ അതിന്റെ കാൽക്കീഴിലാക്കുമെന്നതാണ്. സോഷ്യലിസം, ജനപക്ഷത്ത് നിന്നുള്ള വികസനം തുടങ്ങിയ ചിന്തകൾ പോലും അവശേഷിപ്പിക്കാതെ മുതലാളിത്തം പൂത്തുലയുന്ന ഒരു ലോകത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് നാമധാരികൾ ദാസ്യപണി ചെയ്യുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ എത്തുന്നത്.

ലോകത്തിന്റെ എല്ലാ ഭാഗത്തും യുദ്ധവും പ്രകൃതിദുരന്തങ്ങളും സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് ഈ കഴുകൻമാർ ലാഭം കൊയ്തിട്ടുണ്ട്. യുദ്ധം തകർത്ത അഫ്ഗാനിസ്ഥാന്റെ പുനർനിർമ്മിതി വൻകിട കോർപ്പറേറ്റുകൾക്ക് ചാകരയായിരുന്നു.

കോർപ്പറേറ്റുകൾക്ക് കേരളത്തെ ദാനം ചെയ്യുന്നതിന് പകരം പ്രളയാനന്തര കേരളം എന്തായിരിക്കണമെന്നതിനെ കുറിച്ചുള്ള വിപുലമായ ചർച്ചകളിലൂടെ രൂപപ്പെടുത്തേണ്ടതായിരുന്നു നവകേരള നിർമ്മിതി. കോർപ്പറേറ്റ് വികസനമാണ് പ്രളയത്തെ മഹാദുരന്തമാക്കി മാറ്റിയത്. അതിന് മുഖം തിരിഞ്ഞുനിന്നുകൊണ്ട് കേരളത്തിന്റെ സാമൂഹിക ആവശ്യങ്ങൾക്ക് ഉതകുന്നതും പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും പോറൽ ഏൽപ്പിക്കാത്തതുമായ നിർമ്മിതികളാണ് ഉണ്ടാകേണ്ടത്. എന്നാൽ ലാഭക്കൊള്ള മാത്രം ലക്ഷ്യമാക്കുന്ന കോർപ്പറേറ്റുകളിൽ നിന്ന് ഇത്തരമൊരു കേരള സൃഷ്ടി പ്രതീക്ഷിക്കാനാവില്ല.

കോർപ്പറേറ്റുകൾ എല്ലാം വാരിക്കോരിയെടുക്കും മുമ്പുള്ള ഒരു കേരളമുണ്ടായിരുന്നു. ഒട്ടേറെ പരിമിതികളുണ്ടായിരുന്നെങ്കിലും കേരള മോഡൽ എന്ന് പ്രകീർത്തിക്കപ്പെട്ട വികസനനയം. ആരോഗ്യ- വിദ്യാഭ്യാസ രംഗങ്ങളിൽ വികസിത രാജ്യങ്ങളെ പോലും അത്ഭുതപ്പെടുത്തുന്ന നേട്ടം കൈവരിച്ചത്, വി.എസ്. അച്യുതാനന്ദൻ ചൂണ്ടിക്കാണിച്ചതുപോലെ, വഴിയേ പോകുന്ന കോർപ്പറേറ്റുകളുടെ വെറുതെ നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. പകരം രാഷ്ട്രീയ- സാമൂഹ്യബോധത്തിന്റെ അടിത്തറയിൽ വളർന്നുവന്ന അനുഭവങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. കേരള മോഡൽ വികസനത്തിന്റെ തന്നെ പരിമിതികളെ മറികടക്കുന്ന രീതിയിലുള്ള ഇടപെടലുകളാണ് പുതിയ കേരള സൃഷ്ടിയുടെ അടിസ്ഥാനമാക്കേണ്ടത്. എന്നാൽ പേരിൽ കമ്മ്യൂണിസവും പ്രവൃത്തിയിൽ സാമ്രാജ്യത്ത ദല്ലാൾപണിയും ചെയ്യുന്നവർ അതിന് മെനക്കെടില്ല.

പ്രളയകാലത്ത് കേരളത്തിൽ രക്ഷാപ്രവർത്തനം നടത്തിയത് ഒരു കോർപ്പറേറ്റ് കമ്പനികളുടെയും ഉപദേശമനുസരിച്ചായിരുന്നില്ല. ജനങ്ങൾ സ്വന്തം ജീവൻ പോലും പണയം വച്ച് രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങുകയായിരുന്നു. കേരളത്തിന്റെ കരുത്ത് അതാണ്. കേരളത്തിന്റെ കരുതലും അതാണ്. ഈ അധ്വാനശക്തിയെ കൂടി പ്രയോജനപ്പെടുത്താൻ കഴിയും, കോർപ്പറേറ്റുകളെ ഏൽപ്പിച്ചുകൊടുക്കാതെയുള്ള പുനർനിർമ്മാണ പ്രവർത്തനത്തിൽ.

കേരളത്തിന്റെ സവിശേഷതയായി കൊട്ടിഘോഷിക്കാറുള്ളത് ശക്തമായ പഞ്ചായത്തീരാജ് സംവിധാനമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ കാലമാണിതെന്നും പ്രചരിപ്പിക്കാറുണ്ട്. എങ്കിൽ എന്തുകൊണ്ടാണ് തദ്ദേശ സ്വയംഭരണ സംവിധാനത്തെ കേരളത്തിന്റെ പുനർനിർമ്മിതിക്കുവേണ്ടി ഉപയോഗിക്കാത്തത്. കേരളത്തിൽ ഒരേ മോഡൽ പുനർനിർമ്മിതയല്ല വേണ്ടത്. ഓരോ പ്രദേശത്തും എന്ത് തരം നിർമ്മിതിയാണ് വേണ്ടതെന്ന് അതാത് പ്രദേശത്തെ ജനങ്ങൾക്കാണ് തീരുമാനമെടുക്കാൻ കഴിയുക. താഴെത്തട്ടിൽ നടക്കുന്ന ഇത്തരം ഇടപെടലുകളിൽ ജനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ കഴിയും. മാത്രമല്ല പണം കോർപ്പറേറ്റുകൾ കൊള്ളയടിച്ചുകൊണ്ടുപോകുന്നത് തടയാം. തൊഴിലവസരങ്ങളും സമ്പത്തിന്റെ വികേന്ദ്രീകരണവും നടപ്പിലാകും. നാട്ടിലെ കരാറുകാർക്കുള്ള അവസരമാണ് കോർപ്പറേറ്റുകൾ തട്ടിയെടുക്കുന്നത്.

ലോകത്തിന്റെ പലഭാഗത്തും പ്രകൃതിദുരന്തത്തിന് ശേഷമുള്ള നിർമ്മാണ പ്രക്രിയയിൽ പങ്കാളികളായ നിരവധി മലയാളികളുണ്ട്. നേപ്പാളിലെ പ്രകൃതിദുരന്തത്തിന് ശേഷം പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് വീടുകളും കെട്ടിടങ്ങളും പണിത ശങ്കർ ഒരു ഉദാഹരണമാണ്. കൂടുതൽ വൈദഗ്ധ്യം ആവശ്യമുള്ള മേഖലകളിൽ വിദേശത്ത് ലാഭക്കൊതിയില്ലാതെ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളുമുണ്ട്. അവരെ ആശ്രയിക്കാം. അതല്ലേ, വേണ്ടത് സഖാക്കളെ...

ശുചിത്വ പരിശീലന ക്ലാസ് സംഘടിപ്പിച്ചു

തളിപ്പറമ്പ: സ്വച്ഛതാ ഹി സേവ സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി തൃച്ചംബരം ശ്രീകൃഷ്ണ റസിഡൻസ് അസോസിയേഷൻ, ഹരിതമിഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി, തളിപ്പറമ്പ നഗരസഭ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശുചിത്വ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. നഗരസഭാ സെക്രട്ടറി കെ.അഭിലാഷ് ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് പി. ഗംഗാധരൻ അധ്യക്ഷത വഹിച്ചു. ഹരിതമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഇ.കെ.സോമശേഖരൻ ക്ലാസെടുത്തു. നഗര ഹെൽത്ത് ഇൻസ്പെക്ടർ മനോജ് കുമാർ, അസോസിയേഷൻ സെക്രട്ടറി പി.വി.നാരായണൻകുട്ടി, സി.വി.സോമനാഥൻ മാസ്റ്റർ, പി.ലക്ഷ്മികുട്ടി, ഹരിത രാജൻ, കെ.എം.പ്രിയ ടീച്ചർ, ട്രഷറർ അനിതാ ബാലൻ, പി.പി.സൂര്യ സംസാരിച്ചു.

മർദിച്ചതിന് കേസ്

ആലക്കോട്: വഴി തർക്കവുമായി ബന്ധപ്പെട്ട് തേർത്തല്ലി മേരിഗിരിയിലെ വിൽസനെ (42) മർദിച്ചതിന് അയൽവാസികളായ സണ്ണി, മകൻ വിപിൻ എന്നിവർക്കെതിരെ പോലീസ് കേസെടുത്തു. കഴിഞ്ഞ 30ന് മേരിഗിരിയിൽ വെച്ചാണ് സംഭവം.

യു.ഡി.എഫ് ജനകീയ സംഗമം നടത്തി

വളക്കൈ: കൊയ്യം റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് വളക്കൈ ടൗണിൽ യു.ഡി.എഫ് ജനകീയ സംഗമം നടത്തി. കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി.പി.ഖാദർ അധ്യക്ഷത വഹിച്ചു. കൊയ്യം ജനാർദ്ദനൻ, ടി.എൻ.എ.ഖാദർ, മൂസാൻകുട്ടി തേർളായി, നാസർ വളക്കൈ, എ.മാധവൻ മാസ്റ്റർ, കെ.എം.ഇബ്രാഹിം, പി.ഗോവിന്ദൻ, സത്താർ വളക്കൈ, ടി.സി.പ്രിയ, ഇ.ദാമോദരൻ പ്രസംഗിച്ചു. പി.ദിനേശൻ സ്വാഗതവും എൻ.വി.രമേശൻ നന്ദിയും പറഞ്ഞു.

അപേക്ഷ ക്ഷണിച്ചു

തളിപ്പറമ്പ: എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ വ്യാപാരികളുടെ മക്കൾക്കുള്ള അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. അർഹരായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും മാർക്ക് ലിസ്റ്റിന്റെ കോപ്പി അടങ്ങിയ അപേക്ഷ എട്ടിന് മുമ്പായി കപ്പാലം വ്യാപാരഭവനിൽ ലഭിക്കണം. ഫോൺ: 9744821245, 9995000926.

സീനിയർ സിറ്റിസൺസ് ഫോറം കുടുംബ സംഗമം ഏഴിന്

തളിപ്പറമ്പ: കേരള സീനിയർ സിറ്റിസൺസ് ഫോറം തളിപ്പറമ്പ് മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ യൂണിറ്റ് മെമ്പർമാരുടെ കുടുംബസംഗമം 7ന് രാവിലെ 10 മണിക്ക് പട്ടപ്പാറ വയോജന വിശ്രമ കേന്ദ്രത്തിൽ നടക്കും. തളിപ്പറമ്പ് എം.എ.സി.ടി ജഡ്ജി എ.ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യും. നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് മുഖ്യാതിഥിയാകും. മുനിസിപ്പൽ സമിതി ചെയർമാൻ ടി.നാരായണൻ അധ്യക്ഷത വഹിക്കും.

മൊബേലി ഡിജിറ്റൽ ഹബ് ഉദ്ഘാടനം ചെയ്തു

ആലക്കോട്: ആലക്കോട് ടൗണിൽ മൊബേലി യുവർ ഡിജിറ്റൽ ഹബ് മാസ്റ്റർ മുഹമ്മദ് ഇമ്രാൻ ഉദ്ഘാടനം ചെയ്തു. പ്രമുഖ കമ്പനികളുടെ മൊബൈൽ ഫോണുകൾ, ആക്സസറീസ്, വാച്ചുകൾ തുടങ്ങിയവയും ഹൈടെക് സർവീസും ഇവിടെ ലഭ്യമാണ്. ഉദ്ഘാടനത്തിന്റെ ഭാഗമായി നിരവധി സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ഏകദിന ക്യാമ്പും ബുള്ളറ്റിൻ പ്രകാശനവും നടത്തി

ശ്രീകണ്ഠപുരം: മഹല്ല് ശാക്തീകരണ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. റാഷിദ് ഹുദവി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സമിതി ചെയർമാൻ പി.പി.അബ്ദുല്ല അധ്യക്ഷത വഹിച്ചു. ബുള്ളറ്റിൻ പ്രകാശനം മഹല്ല് സെക്രട്ടറി ബി.പി ബഷീർ നിർവ്വഹിച്ചു. ബി.പി നാസർ, അബ്ദുൽ ലത്തീഫ് നരണിപ്പുഴ, സാഹിദ് പയ്യന്നൂർ സംസാരിച്ചു.

പ്രതിഷേധ സത്യാഗ്രഹം നടത്തി

കണ്ണൂർ: ഗാന്ധിജിയുടെ ആശയങ്ങൾക്ക് വിരുദ്ധമായി ഗാന്ധിയൻ പ്രസ്ഥാനങ്ങളോടും വായനക്കാരോടും മഹാത്മ മന്ദിരം ഭരണസമിതി അവലംബിക്കുന്ന സമീപനങ്ങളിൽ പ്രതിഷേധിച്ച് സേവ് മഹാത്മ മന്ദിരം ഫോറത്തിന്റെ നേതൃത്വത്തിൽ മഹാത്മ മന്ദിരത്തിന് മുമ്പിൽ പ്രതിഷേധ സത്യാഗ്രഹം നടത്തി. ഫോറം പ്രസിഡണ്ട് എം.മുകുന്ദൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ജില്ല പരിസ്ഥിതി സമിതി പ്രസിഡണ്ട് സി.വിശാലൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജന. കൺവീനർ രാജൻ കേരമ്പേത്ത് സ്വാഗതവും കെ.കെ.രവീന്ദ്രൻ നന്ദിയും പറഞ്ഞു. ജനപരിഷത്ത് സംസ്ഥാന പ്രസിഡണ്ട് അഡ്വ.വിനോദ് പയ്യട, മദ്യ നിരോധന സമിതി സംസ്ഥാന സെക്രട്ടറി അഡ്വ. അഹമ്മദ് മാണിയൂർ, രാജൻ തീയ്യറേത്ത്, പ്രേമൻ പാതിരിയാട്, ഹരി ചക്കരക്കൽ, സി.കാർത്ത്യായനി ടീച്ചർ, വി.ദേവദാസ്, കവിയൂർ രാഘവൻ, ദിനു മൊട്ടമ്മൽ, ടി.ചന്ദ്രൻ സംസാരിച്ചു.

മാലിന്യ നിർമാർജനത്തിന് കൈകോർത്ത് വയത്തൂർ യു പി സ്കൂൾ

പയ്യാവൂർ: കേന്ദ്ര സർക്കാരിന്റെ സ്വച്ഛത ഹി സേവ പദ്ധതിയുടെ ഭാഗമായി ഉളിക്കൽ വയത്തൂർ യു പി സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഉളിക്കൽ ടൗണിലെ ബസ് കാത്തിരിപ്പ് കേന്ദ്രവും പരിസരവും വൃത്തിയാക്കി. ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഒരാഴ്ച നീണ്ടു നിൽക്കുന്ന ശുചിത്വ വാരാഘോഷ പദ്ധതി ഉളിക്കൽ ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ അഹമ്മദ്കുട്ടി ഹാജി ഉദ്ഘാടനം ചെയ്തു. പ്രധാനധ്യാപകൻ ടി ജെ ജോർജ് അധ്യക്ഷത വഹിച്ചു. റെൻസി ഫിലിപ്പ് സിസ്റ്റർ കെ ജെ ജോസ്ന, സിസ്റ്റർ മോളി ആന്റണി, സി ജെ മോളി, ഷിന്റോ കെ മാത്യു പ്രസംഗിച്ചു. ജെസ്മി സണ്ണി ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പൂർവവിദ്യാർത്ഥി സിൽവർ ജൂബിലി സംഗമം 14ന്

തളിപ്പറമ്പ: മൂത്തേടത്ത് ഹൈസ്കൂളിൽ നിന്നും 1993-ാം വർഷം എസ്.എസ്.എൽ.സി പൂർത്തിയാക്കിയ മുഴുവൻ വിദ്യാർത്ഥികളെയും അധ്യാപകരെയും ഉൾപ്പെടുത്തിയുള്ള സിൽവർ ജൂബിലി സംഗമം 'ഹൃദയത്തിൽ സൂക്ഷിക്കാൻ' 14ന് രാവിലെ 8.30ന് മൂത്തേടത്ത് ഹൈസ്കൂളിൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9605466884, 9447228807

ജില്ലാ സിവിൽ സർവീസ് ടൂർണ്ണമെന്റ് ഒമ്പത് മുതൽ

കണ്ണൂർ: സർക്കാർ ജീവനക്കാരുടെ ജില്ലാ സിവിൽ സർവീസ് ടൂർണ്ണമെന്റ് 9, 10, 11 തീയതികളിൽ പോലീസ് പരേഡ് ഗ്രൗണ്ട്, ജവഹർ സ്റ്റേഡിയം, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, സ്പോർട്സ് കൗൺസിൽ ഹാൾ, സ്പോർട്സ് ഡിവിഷൻ ഗ്രൗണ്ട് എന്നിവിടങ്ങളിൽ നടത്തപ്പെടും. ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ എൻട്രികൾ സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ, സിവിൽ സ്റ്റേഷൻ പി.ഒ, കണ്ണൂർ എന്ന വിലാസത്തിൽ 8ന് 3 മണിക്ക് മുമ്പായി അയക്കണം.

കളഞ്ഞുകിട്ടിയ സ്വർണ്ണമാല പൊലീസ് സ്റ്റേഷനിൽ അബ്ദുറഹ്മാൻ ഉടമസ്ഥക്ക് നൽകുന്നു.

മാതൃകയായി ശ്രീകണ്ഠപുരത്തെ വ്യാപാരി നേതാവ്

ശ്രീകണ്ഠപുരം: ബസ്സ്റ്റാന്റ് പരിസരത്തും നിന്നും കളഞ്ഞുകിട്ടിയ ഒരു പവനിലധികം വരുന്ന സ്വർണ്ണമാല ഉടമയ്ക്ക് നൽകി വ്യാപാരി മാതൃകയായി.

ശ്രികണ്ഠാപുരത്തെ മലബാർ ടോയ്സ് ഗിഫ്റ്റ് കടയുടമ സി.എച്ച് . അബ്ദുറഹ്മാനാണ് സത്യസന്ധത കാട്ടിയത്. കഴിഞ്ഞ ദിവസം ലഭിച്ച സ്വർണ്ണമാല അബ്ദുറഹ്മാൻ ഉടൻ പൊലീസ് സ്റ്റേഷനിൽ ഏല്പിക്കുകയായിരുന്നു. അതിനിടെ ആഭരണം നഷ്ടപ്പെട്ട പരാതിയുമായി ഉടമസ്ഥ ചെങ്ങളായി ചേരമ്മൂലയിലെ മുഹ്സിന സ്റ്റേഷനിലെത്തി. തുടർന്ന് പൊലീസിന്റെ സാന്നിധ്യത്തിൽ അബ്ദുറഹ്മാൻ ആഭരണം മുഹ്സിനക്ക് കൈമാറി. വ്യാപാരി ഏകോപന സമിതി ശ്രീകണ്ഠപുരം യൂണിറ്റ് സെക്രട്ടറി കൂടിയായ അബ്ദുറഹ്മാനെ പൊലീസും വ്യാപാരികളും അനുമോദിച്ചു.

ആലക്കോട് ടൗണിൽ മൊബേലി യുവർ ഡിജിറ്റൽ ഹബ് മാസ്റ്റർ മുഹമ്മദ് ഇമ്രാൻ ഉദ്ഘാടനം ചെയ്യുന്നു

ശുചീകരണത്തിനിടെ പുഴയിൽ നിന്ന് ഡിറ്റനേറ്റർ കിട്ടി

ആലക്കോട്: ഉദയഗിരി പഞ്ചായത്ത് നേതൃത്വത്തിൽ മണക്കടവ് പുഴ ശുചീകരിക്കുന്നതിനിടെ സ്ഫോടക വസ്തുവായ ഡിറ്റനേറ്റർ കിട്ടി. മണക്കടവ് പുഴയുടെ കാരിക്കയം ഭാഗത്ത് നിന്നാണ് കഴിഞ്ഞ ദിവസം പൊട്ടാത്ത നിലയിലുള്ള ഡിറ്റനേറ്റർ ശുചീകരണ പ്രവർത്തകർ കണ്ടെത്തിയത്.

കാരിക്കയം മണക്കടവ് പുഴയിൽ നിന്ന് കണ്ടെത്തിയ ഡിറ്റനേറ്റർ

പുഴയിൽ നിന്ന് അനധികൃതമായി മീൻപിടിക്കുന്നതിന് വേണ്ടി സൂക്ഷിച്ചതാണെന്നാണ് കരുതുന്നത്. പഞ്ചായത്ത് മെമ്പർ ആലയിൽത്താഴെ മോഹനന്റെ നേതൃത്വത്തിൽ ഡിറ്റനേറ്റർ ആലക്കോട് പോലീസിന് കൈമാറി.

ആലക്കോട് മേരി മാതാ കോളേജിൽ ജനമൈത്രി പോലീസും എക്സൈസും സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സി.ഐ ഇ.പി.സുരേശൻ ഉദ്ഘാടനം ചെയ്യുന്നു

കുത്തഴിഞ്ഞ ലൈംഗികതക്കുള്ള നിയമ പരിരക്ഷ ധാർമ്മിക മൂല്യങ്ങൾക്കെതിര്: വിസ്ഡം യൂത്ത്

തളിപ്പറമ്പ്: സ്വവർഗരതി, ഐ.പി.സി 497 എന്നിവ സംബന്ധിച്ച് സുപ്രീം കോടതി വിധി സമൂഹത്തിൽ ലൈംഗിക അരാജകത്വത്തിനും, കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പിനെയും സാരമായി ബാധിക്കുമെന്നും നാളിതുവരെ കാത്തു സൂക്ഷിച്ച ധാർമ്മിക മൂല്യങ്ങളുടെ തകർച്ചക്ക് വഴിവെക്കുന്നതുമാണെന്ന് വിസ്ഡം യൂത്ത് തളിപ്പറമ്പ് മേഖല പ്രതിനിധി സംഗമം അഭിപ്രായപ്പെട്ടു.

രാജ്യത്തിന്റെ സംസ്കാരിക മൂല്യങ്ങളെ ഇല്ലാതാക്കുകയും, ലൈംഗിക രോഗങ്ങളുടെ വ്യാപനത്തിന് ഇടയാക്കുകയും ചെയ്യുന്ന വിധിക്കെതിരെ ജനപ്രതിനിധികൾ ഉത്തരവാദിത്ത നിർവ്വഹണത്തിന് മുന്നോട്ട് വരണമെന്നും ലൈംഗിക അരാജകത്വം വിതക്കുന്ന വിപത്തുകളെ സംബന്ധിച്ച് ബോധവൽക്കരണം ശക്തമാക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. തളിപ്പറമ്പ് മണ്ഡലം സെക്രട്ടറി ഹാശിം തളിപ്പറമ്പ് ഉദ്ഘാടനം ചെയ്തു. അഫ്സൽ ചുഴലി അദ്ധ്യക്ഷത വഹിച്ചു. മേമ്മി ശ്രീകണംപുരം, റഷീദ് സൂപ്പർ, സി.പി.ജസീം, ഹനീഫ് നിടുവാലൂർ, സെമീർ ചുഴലി, റിയാസ് സ്വലാഹി സംസാരിച്ചു. വിസ്ഡം യൂത്ത് മേഖല സെക്രട്ടറി അബ്ദുൾ റസാഖ് സ്വാഗതം പറഞ്ഞു.

ഉളിക്കൽ വയത്തൂർ യു പി സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ടൗണിലെ ബസ് കാത്തിരിപ്പ് കേന്ദ്രവും പരിസരവും വൃത്തിയാക്കുന്നു.

കണ്ണൂരിൽ നിന്ന് വിദേശ വിമാന കമ്പനികൾക്ക് സർവീസ് നടത്തുവാൻ അനുമതി നൽകണം

വിനോദ് നാരായണൻ

ജോസഫ് ബെനവൻ

സഞ്ജയ്

കെ. ഹനീഷ്

പി.പി. ഷമീം

കണ്ണൂർ: വിമാനത്താവളം ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ തന്നെ വിദേശ വിമാന കമ്പനികൾക്ക് സർവീസ് നടത്തുവാനുള്ള അനുമതി നൽകണമെന്ന് നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സിന്റെ 63-ാം വാർഷിക പൊതുയോഗം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് അഭ്യർത്ഥിച്ചു. നിർദിഷ്ട തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുക, കണ്ണൂർ ബൈപ്പാസ് യാഥാർത്ഥ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക തുടങ്ങിയവയും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

പുതിയ ഭാരവാഹികളായി കെ.വിനോദ് നാരായണൻ (പ്രസിഡണ്ട്), ഡോ.ജോസഫ് ബെനവൻ (വൈസ് പ്രസിഡണ്ട്), സഞ്ജയ് ആറാട്ട് പൂവാടൻ (ഓണററി സെക്രട്ടറി), കെ.ഹനീഷ് വാണിയങ്കണ്ടി (ജോ. സെക്രട്ടറി), പി.പി.ഷമീം (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. സച്ചിൻ സൂര്യകാന്ത് മഖേച്ച അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡണ്ടുമാരായ മഹേഷ് ചന്ദ്രബാലിഗ, സി.വി.ദീപക്, കെ.രാംദാസ്, എ.കെ.ശ്രാമപ്രസാദ് സംസാരിച്ചു. ജോ. സെക്രട്ടറി ഹനീഷ് ജെ.വാണിയങ്കണ്ടി നന്ദി പറഞ്ഞു.

റോഡ് വികസനത്തിൽ ഇരട്ടത്താപ്പ്; പ്രതിഷേധവുമായി യു. ഡി. എഫ്

ശ്രീകണ്ഠപുരം: കണിയാർവയൽ - അഡുവാപ്പുറം- ചേടിച്ചേരി- പാവന്നൂർ മൊട്ട റോഡ് വികസനം രണ്ടുതരം വീതിയിലാണ് ടാറിങ് നടത്തുന്നതെന്ന ആരോപണവുമായി യു.ഡി.എഫ്. റോഡിന്റെ പരമാവധി വീതി 10 മീറ്ററായി മുൻപേ നിശ്ചയിച്ചിരുന്നു. എന്നാൽ പാവന്നൂർമൊട്ട മുതൽ ചേടിച്ചേരി വരെയുള്ള ഭാഗം ചില താത്പര്യങ്ങൾ വച്ച് 12 മീറ്റർ വീതിയിൽ ടാറിങ് നടത്താനാണ് അധികൃതരുടെ നീക്കം. ഇതുപ്രകാരം ഈ ഭാഗങ്ങളിലെ നിരവധി വീടുകളും ചുറ്റുമതിലുകളും ആരാധനാലയങ്ങളും പൂർണമായോ ഭാഗികമായോ പൊളിച്ചു നീക്കേണ്ടി വരും. 10 മീറ്റർ വീതിയിൽ റോഡ് ടാർ ചെയ്യുന്നതിന് സൗകര്യമൊരുക്കാൻ നാട്ടുകാർ തയ്യാറാണ്. ഇതേ റോഡിൽ തന്നെ കണിയാർ വയൽ മുതൽ ചേടിച്ചേരി വരെയുള്ള ഭാഗത്ത് 10 മീറ്റർ വീതിയിലാണ് ടാറിങ് നടത്തുന്നത്. ഒരു റോഡ് രണ്ടു തരം വീതിയിൽ ടാറിങ് നടത്തുന്നത് അധികൃതരുടെ ഇരട്ടത്താപ്പാണെന്നാരോപിച്ച് യുഡിഎഫ് ഉൾപ്പെടെ രംഗത്തു വന്നതോടെ പ്രശ്നം ഏറെ ചർച്ചയായിട്ടുണ്ട്.

റോഡിന്റെ വികസനവും ഉദ്ഘാടനവുമായി ബന്ധപ്പെട്ട ആലോചന യോഗത്തിൽ മുസ്ലിം ലീഗിനെ മാറ്റി നിർത്തിയതിലും യു.ഡി.എഫ്. മലപ്പട്ടം പഞ്ചായത്ത് കമ്മിറ്റി യോഗം പ്രതിഷേധിച്ചു. ഹസ്ബുല്ല തങ്ങൾ, സി.പി. ഹംസ, കെ.ഷിഹാബുദ്ദിൻ, സി.സജീവൻ, ടി.പി.മുഹമ്മദ്, കെ.ഗംഗാധരൻ, സി.ടി.അഭിജിത്ത് തുടങ്ങിയവർ സംസാരിച്ചു.

കണ്ണൂർ കോർപ്പറേഷൻ ഭരണം ജനങ്ങൾക്ക് ശാപമായി മാറി: വി.എ. നാരായണൻ

കണ്ണൂർ: കണ്ണൂർ കോർപ്പറേഷൻ ഭരണം ജനങ്ങൾക്ക് ശാപമായി മാറിയിരിക്കുകയാണെന്ന് കെ. പി. സി. സി. ജനറൽ സെക്രട്ടറി വി എ നാരായണൻ. എ. ഐ. യു. ഡബ്ല്യൂ. സി. കണ്ണൂർ കോർപ്പറേഷന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോർപ്പറേഷൻ രൂപീകൃതമായിട്ട് മൂന്ന് വർഷം പിന്നിട്ടു. മുനിസിപ്പാലിറ്റിയായിരുന്ന സമയത്ത് ചെയ്ത പ്രവർത്തികളല്ലാതെ പുതിയൊരെണ്ണം തുടങ്ങാനോ സാധിക്കാതെ ജനങ്ങളെ ദ്രോഹിക്കുന്ന നിലപാടുമായാണ് ഭരിക്കുന്നവർ മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. എ. ഐ. യു. ഡബ്ല്യൂ സി. ജില്ലാ പ്രസിഡന്റ് നൗഷാദ് ബ്ലാത്തൂർ അധ്യക്ഷത വഹിച്ചു. കെ. പി. സി. സി. ജനറൽ സെക്രട്ടറി അഡ്വ. സജീവ് ജോസഫ്, അഡ്വ. പി. സുനിൽകുമാർ, സുരേഷ് ബാബു എളയാവൂർ, മുഹമ്മദ് ബ്ലാത്തൂർ, ചന്ദ്രൻ തില്ലങ്കേരി, സി. വി. സന്തോഷ് കുമാർ, എൻ. അജിത്ത്, രാജീവൻ എളയാവൂർ, അഡ്വ. റഷീദ് കവ്വായി സംസാരിച്ചു. സമരത്തിന് പി. പി. കൃഷ്ണൻ, മായൻ വേങ്ങാട്, പ്രജീഷ് കോർളായി, ആർ. പി. ഷഫീഖ്, ജയപ്രകാശ് വേളാപുരം, ജി ബാബു, ജയപ്രകാശ് മുണ്ടേരി, സുധാകരൻ ചക്കരക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

മുജാഹിദ് സംഘടനകളുടെ സംയുക്ത ജില്ലാ കൗൺസിൽ 7ന്

കണ്ണൂർ: കെ എൻ എം, ഐ എസ് എം, എം ജി എം, എം എസ് എം സംഘടനകളുടെ സംയുക്ത ജില്ലാ കൗൺസിൽ 7ന് രാവിലെ 10.30 ന് കണ്ണൂർ സലഫി ദഅവ സെന്ററിൽ ചേരാൻ കെ എൻ എം - മർക്കസുദ്ദഅവ ജില്ലാ സെക്രട്ടറിയേറ്റ് തീരുമാനിച്ചു. ബ്രൂവറിക്ക് അനുമതി നൽകിയതിലൂടെ ജലചൂഷണത്തിനും ജലദൗർലഭ്യതയുണ്ടാക്കുന്നതിനും സർക്കാർ കൂട്ടുനിൽക്കുകയാണെന്ന് സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് കെ എൽ പി ഹാരിസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി സി സി ശക്കീർ ഫാറൂഖി, ടി മുഹമ്മദ് നജീബ്, കെ അബ്ദുൽ മജീദ്, പി ടി പി മുസ്തഫ, പി.സാദിഖ് മാട്ടൂൽ, പ്രൊഫ. അബ്ദുൽ ജലീൽ ഒതായി, ഇസ്മയിൽ കരിയാട്, സി.എ.അബൂബക്കർ തുശ്ശേരി, പ്രൊഫസർ ഹുമയൂൺ കബീർ ഫാറൂഖി, അശ്രഫ് മമ്പറം പ്രസംഗിച്ചു.

പ്രതിഷേധയോഗം നാളെ

പയ്യന്നൂർ: സാലറി ചാലഞ്ചിനെ കോടതിയിൽ ചോദ്യം ചെയ്ത് അനുകൂല വിധി സമ്പാദിച്ച അധ്യാപകരെ ഭീഷണിപ്പെടുത്തുകയും അപഹസിക്കുകയും ചെയ്യുന്നതിൽ പ്രതിഷേധിച്ച് പൗരാവകാശ പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ നാളെ വൈകുന്നേരം അഞ്ച് മണിക്ക് ഗാന്ധിമൈതാനിയിൽ പൊതുയോഗം നടക്കും. കെ.സി.ഉമേഷ്ബാബു, കെ.രാമചന്ദ്രൻ, കെ.എം.വേണുഗോപാൽ, കെ.സുനിൽകുമാർ, അഡ്വ.കസ്തൂരിദേവൻ, വിനോദ്കുമാർ രാമന്തളി പ്രസംഗിക്കും.